## ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

2023 ഡിസംബർ 16-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 318/2023/ആർ.ഡി (എസ്.ആർ.ഒ. നമ്പർ 1371/2023) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2023-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ചട്ടങ്ങൾക്കുള്ള ഭേദഗതിയുടെ പരിഗണന

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ആക്റ്റിലെ 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിലവിൽവന്ന "2023-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ)" ചട്ടങ്ങളിൽ ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. ചട്ടം 3(1)-ൽ " രണ്ട് മാസത്തിനുള്ളിൽ" എന്നീ വാക്കുകൾക്ക് പകരം "പന്ത്രണ്ട് മാസത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

2. ചട്ടം 4(1)(ഡി)-ൽ " ജന്മിയുടെ അവകാശികൾക്ക്" എന്നീ വാക്കുകൾക്ക് പകരം " ജന്മിയുടെ നിയമാനുസൃത അവകാശികൾക്ക്" എന്നീ വാക്കുകൾ ചേർക്കുക.

3. ചട്ടം 5-ൽ

(i) “ 3-ാം ഉപവകുപ്പ്” എന്നീ അക്കത്തിനും വാക്കിനും പകരം “ (3)-ാം ഉപവകുപ്പ് ” എന്നീ അക്കവും വാക്കും ചിഹ്നവും ചേർക്കുക.

(ii) “ പൂർണ്ണമായും നഷ്ടപരിഹാരത്തുകയ്ക്ക് അർഹതയില്ലെങ്കിലോ” എന്നീ വാക്കുകൾക്ക് പകരം “ പൂർണ്ണമായും അവകാശം ഇല്ലാത്ത ഉടമസ്ഥനോ ആണെങ്കിൽ” എന്നീ വാക്കുകൾ ചേർക്കുക.

(iii) “ ട്രസ്റ്റിന്റെ” എന്ന വാക്കിന് പകരം "ട്രസ്റ്റിന്റെയോ എൻഡോവ്മെന്റിന്റെയോ” എന്നീ വാക്കുകൾ ചേർക്കുക.

4. ചട്ടം 6(1)-ൽ

(i) “ നഷ്ടപരിഹാരപ്പട്ടിക തയ്യാറാക്കിയ ശേഷം” എന്നീ വാക്കുകൾക്ക് പകരം “ നഷ്ടപരിഹാരപ്പട്ടികയും അനുബന്ധം III-ലെ ഫാറം നമ്പർ 3 പ്രകാരമുള്ള നോട്ടീസും” എന്നീ വാക്കുകളും അക്കവും ചേർക്കുക.

(ii) “ നോട്ടീസിൽ നിർദ്ദേശിച്ചിരിക്കുന്ന” എന്നീ വാക്കുകൾക്ക് ശേഷം “ സ്ഥലത്തും" എന്ന വാക്ക് ചേർക്കുക.

5. ചട്ടം (7)-ൽ ആക്റ്റിലെ വകുപ്പ് 15(2)(സി) പ്രകാരമുള്ള അപ്പീലിന് കൊടുക്കേണ്ട ഫീസ് സംബന്ധിച്ച് ചട്ടത്തിൽ പരാമർശിച്ചിട്ടില്ല.

6. ചട്ടം 8-ൽ

(i) “ ചട്ടം 5 പ്രകാരമുള്ള” എന്നീ വാക്കുകളും അക്കവും ഒഴിവാക്കുക.

(ii) “ ആക്റ്റിലെ” എന്ന വാക്കിന് പകരം “ ആക്റ്റ്” എന്ന വാക്ക് ചേർക്കുക.

(iii) " 8-ാം വകുപ്പ് (എ) ഉപവകുപ്പ്" എന്നീ അക്കത്തിനും വാക്കുകൾക്കും ചിഹ്നങ്ങൾക്കും അക്ഷരത്തിനും പകരം " 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ്" എന്നീ അക്കങ്ങളും വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

(iv) " ഒരിക്കൽ മാത്രം" എന്നീ വാക്കുകൾ ഒഴിവാക്കുക.

7. അനുബന്ധം I-ലെ ഫാറം നമ്പർ 1-ലെ " നഷ്ടപരിഹാര തുക" എന്ന കോളം-11 ഒഴിവാക്കുക.

8. അനുബന്ധം III -ലെ ഫാറം നമ്പർ 3-ൽ

(i) " നഷ്ടപരിഹാരപ്പട്ടികയോടൊപ്പം ചേർക്കേണ്ട നോട്ടീസ്" എന്ന ശീർഷകത്തിനു പകരം " കരട് നഷ്ടപരിഹാരപ്പട്ടികയോടൊപ്പം ചേർക്കേണ്ട നോട്ടീസ്" എന്ന ശീർഷകം ചേർക്കുക.

(ii) " (നഷ്ടപരിഹാരപ്പട്ടികയുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു)" എന്നതിന് പകരം " (കരട് നഷ്ടപരിഹാരപ്പട്ടികയുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു)" എന്ന് ചേർക്കുക.

ചട്ടം 3(1)-ൽ, 'രണ്ട് മാസത്തിനുള്ളിൽ തഹസീൽദാർ മുമ്പാകെ ചട്ടത്തിലെ അനുബന്ധം പ്രകാരമുള്ള ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ് , എന്ന് പറഞ്ഞിട്ടുണ്ട്. 2007-ലെ ആക്ടിന് 2023 ഡിസംബറിലാണ് ചട്ടം തയ്യാറാക്കിയത്. ചട്ടത്തിൽ പറഞ്ഞിരിക്കുന്ന 'രണ്ട് മാസത്തിനുള്ളിൽ' അപേക്ഷ നൽകണമെന്നത് പ്രായോഗികമല്ലാത്തതിനാൽ അത് ഒഴിവാക്കി പരമാവധി 'പന്ത്രണ്ട് മാസത്തിനുള്ളിൽ'

എന്നാക്കണമെന്നതാണ് ഒരു ഭേദഗതി. മറ്റൊന്ന്, ചട്ടം 4(1)(ഡി)-ലെ 'ജന്മിയുടെ അവകാശികൾക്ക്' എന്നത് നിയമത്തിൽ 'ജന്മിയുടെ നിയമാനുസൃത അവകാശികൾക്ക്' എന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് 'ജന്മിയുടെ നിയമാനുസൃത അവകാശികൾക്ക്' എന്ന് ഭേദഗതി വരുത്തണം. മറ്റൊന്ന്, ചട്ടം 5-ൽ മൂന്നാം ഉപവകുപ്പ് എന്നതിൽ ബ്രാക്കറ്റ് ഉൾപ്പെടുത്തുന്നത് സംബന്ധിച്ചാണ്. ഉപവകുപ്പുകൾ ചേർക്കുമ്പോൾ ബ്രാക്കറ്റും ചിഹ്നവും കാണിക്കുക എന്നുള്ളത് സാധാരണ നിയമത്തിലുള്ളതാണ്. അത് ഇവിടെ ഒഴിവാക്കപ്പെട്ടിരിക്കുന്നു. മറ്റൊന്ന് ചട്ടം 5-ലെ 'പൂർണ്ണമായും നഷ്ടപരിഹാരത്തുകയ്ക്ക് അർഹതയില്ലെങ്കിലോ' എന്നത് നിയമത്തിൽ " പൂർണ്ണമായും അവകാശം ഇല്ലാത്ത ഉടമസ്ഥനോ ആണെങ്കിൽ" എന്നാണ് പറഞ്ഞിരിക്കുന്നത്. അത് തിരുത്തണമെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ചട്ടം 5-ലെ 'ട്രസ്റ്റിന്റെ' എന്ന വാക്കിന് പകരം 'ട്രസ്റ്റിന്റെയോ എൻഡോവ്മെന്റിന്റെയോ' എന്നീ വാക്കുകൾ ചേർക്കുക. അടുത്തത്, ചട്ടം 6(1)-ൽ, നഷ്ടപരിഹാരപ്പട്ടിക എന്നുള്ളതിൽ ചെറിയ പ്രശ്നം ചൂണ്ടിക്കാനുണ്ട്. നിയമത്തിലെ 8-ാം വകുപ്പ് പ്രകാരം 1(എ) ഉപവകുപ്പിന്റെ നോട്ടീസും ഗസറ്റിൽ

പ്രസിദ്ധപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് ഇതിൽ കാണിച്ചിട്ടില്ല. മാത്രമല്ല, 'നോട്ടീസിൽ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്തും' എന്നാണ് നിയമത്തിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ ചട്ടത്തിൽ 'സ്ഥലത്തും' എന്നുള്ളത് ഒഴിവാക്കപ്പെട്ടിട്ടുണ്ട്. അതും ഉൾപ്പെടുത്തണം. നിയമത്തിലെ വകുപ്പ് 15(2)(സി)-ൽ അപ്പീൽ ഫീസിനെ സംബന്ധിച്ചാണ് പറയുന്നത്. എന്നാൽ ചട്ടത്തിൽ അതുസംബന്ധിച്ച കാര്യം പരാമർശിക്കപ്പെട്ടിട്ടില്ല. തഹസീൽദാർ കഴിഞ്ഞാൽ നേരെ സബ്കോടതിയിലേയ്ക്കാണ് അപ്പീലിനായി പോകുന്നത്. അതിനുമുമ്പുള്ള അപ്പലേറ്റ് അതോറിറ്റികളെയൊന്നും കാണുന്നില്ല. അതാണ് പ്രധാനപ്പെട്ട വിഷയം. ഭേദഗതി സർക്കുലേറ്റ് ചെയ്തിട്ടുണ്ടെന്നതിനാൽ ഞാൻ അവസാനിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് ഇക്കാര്യത്തിൽ നടത്തിയിട്ടുള്ള പ്രയത്നം നിയമനിർമ്മാണ സഭയിലെ അംഗങ്ങൾക്ക് പൊതുവേ സ്വാഗതാർഹമായ മോഡലാണ്. ആദ്യമായി അദ്ദേഹത്തിന്റെ പ്രയത്നത്തെ

അംഗീകരിക്കുകയാണ്. ഭേദഗതി നിർദ്ദേശങ്ങളിൽ നല്ലൊരു ശതമാനവും സ്വീകരിക്കാവുന്നതാണ്.

1-ാം നമ്പർ ഭേദഗതിയായ 'രണ്ട് മാസത്തിനുള്ളിൽ' എന്നതിനുപകരം 'പന്ത്രണ്ട് മാസത്തിനുള്ളിൽ' എന്നത് സ്വീകരിക്കുന്നു.

2-ാം നമ്പർ ഭേദഗതിയായ, ചട്ടം 4(1)(ഡി)-ൽ 'ജന്മിയുടെ അവകാശികൾക്ക്' എന്നുള്ളത് ബഹുമാനപ്പെട്ട അംഗം നേരത്തെ പറഞ്ഞതുപോലെ ആക്ടിലെ 11-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പ് പ്രകാരം 'ജന്മിയുടെ നിയമാനുസൃത അവകാശികൾക്ക്' എന്നാണ് പരാമർശിച്ചിരിക്കുന്നത്. അതുകൊണ്ട് പ്രസ്തുത ഭേദഗതിയും സ്വീകരിക്കുന്നു.

3-ാം നമ്പർ ഭേദഗതിയിൽ ചട്ടം 5-ന് മൂന്ന് ഭേദഗതികളാണ് നിർദേശിച്ചിരിക്കുന്നത്. ചട്ടം 5-ൽ (i), 3-ാം ഉപവകുപ്പ് എന്നുള്ളതിന്റെ അക്കവും ചിഹ്നവും ചേർക്കലാണ്. അത് സ്വീകരിക്കാം. ചട്ടം 5-ലെ (ii)-ൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനെക്കാൾ കുറച്ചുകൂടി ചേർക്കേണ്ടതുണ്ട്. 11-ാം

വകുപ്പിന്റെ 3-ാം ഉപവകുപ്പ് പ്രകാരം 'പൂർണ്ണമായും അവകാശമില്ലാത്ത ഉടമസ്ഥനോ ആണെങ്കിൽ' എന്നതിനു പകരം 'പൂർണ്ണമായും അവകാശമില്ലാത്ത ഉടമസ്ഥനോ അല്ലെങ്കിൽ നിയമപരമായി അവശത അനുഭവിക്കുന്ന ആളോ ആണെങ്കിൽ' എന്ന ഭേദഗതിയോടുകൂടി സ്വീകരിക്കാവുന്നതാണ്. ചട്ടം 5-ൽ (iii), 'ട്രസ്റ്റിന്റെയോ എൻഡോവ്മെന്റിന്റെയോ' എന്നീ വാക്കുകൾകൂടി കൂട്ടിച്ചേർക്കണമെന്ന ഭേദഗതിയും സ്വീകരിക്കാം. അങ്ങ് പറഞ്ഞതുപോലെ ആക്റ്റിലും ചട്ടത്തിലും അങ്ങനെയാണ് പരാമർശിച്ചിരിക്കുന്നത്. അത് ഉൾക്കൊള്ളാവുന്നതാണ്.

4-ാം നമ്പർ ഭേദഗതിയിൽ ചട്ടം 6(1)-ൽ, (i) 'നഷ്ടപരിഹാരപ്പട്ടിക തയ്യാറാക്കിയ ശേഷം' എന്നീ വാക്കുകൾക്കുശേഷം 'നഷ്ടപരിഹാരപ്പട്ടികയും അനുബന്ധം III-ലെ ഫാറം നമ്പർ 3 പ്രകാരമുള്ള നോട്ടീസും' എന്നീ വാക്കുകൾ ചേർക്കാമെന്നത് സ്വീകരിക്കാം. ആക്റ്റിൽ അങ്ങനെയുള്ളതുകൊണ്ട് അത് സ്വീകരിക്കാവുന്നതാണ്. ചട്ടം 6(1)-ൽ, (ii) 'നോട്ടീസിൽ നിർദ്ദേശിച്ചിരിക്കുന്ന' എന്നീ വാക്കുകൾക്കുശേഷം 'സ്ഥലത്തും' എന്ന അക്ഷരം ചേർക്കുക എന്ന

ഭേദഗതി സ്വീകരിക്കാം. നിയമത്തിലെ 8-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് എ-ൽ അങ്ങനെതന്നെയാണ് പരാമർശിച്ചിരിക്കുന്നത്.

5-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നില്ല. കാരണം പ്രത്യേക ഫീസ് ചുമത്താത്തിടത്തോളംകാലം 1959-ലെ കേരള കോടതി ഫീസും വ്യവഹാര സൊലയും ആക്റ്റിൽ പറഞ്ഞിട്ടുള്ളതുപോലെ മറ്റൊരിടത്തും പറയാത്ത സംഗതികൾക്കുള്ള ഫീസ് അതായത് മിസ്ലേനിയസ് ഫീസ് ഏർപ്പെടുത്താവുന്നതാണ്. വളരെ കുറഞ്ഞ കേസ്സിൽ മാത്രമേ അങ്ങനെ അപ്പീൽ പോകുന്നുള്ളൂ. അതുകൊണ്ട് ചട്ടം 7-ലെ ഭേദഗതി സ്വീകരിക്കുന്നില്ല.

6-ാം നമ്പർ ഭേദഗതിയിലെ ചട്ടം 8-ലെ, (i) 'ചട്ടം 5 പ്രകാരമുള്ള' എന്നീ വാക്കുകൾ ഒഴിവാക്കണമെന്നത് സ്വീകരിക്കുന്നില്ല. കാരണം 'ചട്ടം 5 പ്രകാരമുള്ള' എന്നത് കൂടുതൽ വ്യക്തതയ്ക്കുവേണ്ടി നിലനിർത്തേണ്ടതാണെന്നാണ് അഭിപ്രായം. ചട്ടം 8-ലെ, (ii) 'ആക്റ്റിലെ' എന്ന വാക്കിനുപകരം 'ആക്റ്റ്' എന്ന വാക്ക് ചേർക്കുക എന്നത് സ്വീകരിക്കാം. ചട്ടം 8-ലെ, (iii) “ 8-ാം വകുപ്പ് (എ) ഉപവകുപ്പ്” എന്നീ അക്കത്തിനും വാക്കുകൾക്കും

ചിഹ്നങ്ങൾക്കും അക്ഷരത്തിനും പകരം " 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ്" എന്നീ അക്കങ്ങളും വാക്കുകളും ചിഹ്നങ്ങളും ചേർക്കുക എന്നത് സ്വീകരിക്കാം. ചട്ടം 8-ലെ, (iv) " ഒരിക്കൽ മാത്രം" എന്നീ വാക്കുകൾ ഒഴിവാക്കുക എന്നതും സ്വീകരിക്കുന്നു.

7-ാം നമ്പർ ഭേദഗതിയിൽ അനുബന്ധം I-ലെ ഫാറം നമ്പർ 1-ലെ " നഷ്ടപരിഹാര തുക" എന്ന കോളം-11 ഒഴിവാക്കുക എന്ന ഭേദഗതി സ്വീകരിക്കുന്നില്ല. അതിൽ ഒരു പ്രയാസമുള്ളത്, അങ്ങ് ഇത് നന്നായി പഠിച്ചിട്ടുണ്ടെങ്കിലും ജന്മിമാർ തഹസീൽദാർമാർക്ക് നൽകുന്ന സ്റ്റേറ്റുമെന്റിൽ അവർ ഉദ്ദേശിക്കുന്ന നഷ്ടപരിഹാരത്തുക ക്ലെയിം ചെയ്യാൻ അവർക്ക് അവകാശമുള്ളതിനാൽ അത് ഒഴിവാക്കാൻ സാധ്യമല്ല. അക്കാര്യം ആക്റ്റിൽത്തന്നെ പരാമർശിച്ചിട്ടുണ്ട്. അതിന്റെ കോപ്പി നോക്കിയാൽ മനസ്സിലാകും. അത് ജന്മിമാർ തഹസീൽദാർമാർക്ക് നൽകുന്ന സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നതാണ്. അതുകൊണ്ട് പ്രസ്തുത ഭേദഗതി സ്വീകരിക്കുന്നില്ല.

8-ാം നമ്പർ ഭേദഗതിയിലെ 8(i)-ലെ " നഷ്ടപരിഹാരപ്പട്ടികയോടൊപ്പം ചേർക്കേണ്ട നോട്ടീസ്" എന്ന ശീർഷകത്തിനു പകരം " കരട്

നഷ്ടപരിഹാരപ്പട്ടികയോടൊപ്പം ചേർക്കേണ്ട നോട്ടീസ്" എന്ന ശീർഷകം ചേർക്കുകയെന്നതും 8(ii)-ലെ " (നഷ്ടപരിഹാരപ്പട്ടികയുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു)" എന്നതിന് പകരം " (കരട് നഷ്ടപരിഹാരപ്പട്ടികയുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു)" എന്ന് ചേർക്കുകയെന്നതും സ്വീകരിക്കുന്നു.

ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച ഭേദഗതിയിൽ മൂന്നെണ്ണം മാത്രമേ സ്വീകരിക്കാതിരിക്കുന്നുള്ളൂ. 5-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞ ചട്ടം (7)-ലുള്ള ഫീസുമായി ബന്ധപ്പെട്ട നിർദ്ദേശവും 6-ാം നമ്പർ ഭേദഗതിയിലെ ചട്ടം 8-ലെ (i)-ഉം 7-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നില്ല. ബാക്കിയെല്ലാം സ്വീകരിക്കാവുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.